**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര തിരുവൈരൂർ മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. യുടെ യു.ജി. കേബിൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള നൂറനാട് പടനിലം ക്ഷേത്രം, ചാരുമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ചുനക്കര തിരുവൈരൂർ ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന “കെട്ടുൽസവം” ഘോഷയാത്രയിൽ ഏകദേശം 48 മണിക്കൂർ നീണ്ടു നിൽക്കുന്ന വൈദ്യുതി വിതരണ തടസ്സം പരിഹരിക്കുന്നതിനായി ടി പ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അനുമതി ലഭിച്ചിട്ടുള്ളതാകുന്നു. മേൽ പ്രവൃത്തിക്കായി ആകെ 2,03,014,64/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. കൂടാതെ മാവേലിക്കര നിയോജക മണ്ഡലം ബഹു.എം.എൽ.എ ശ്രീ.എം.എസ്. അരുൺകുമാർ സംസ്ഥാന സർക്കാരിൽ നിന്ന് പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.<br><br>എം.എൽ.എ ഫണ്ടിന് കീഴിൽ മേൽ പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നിർവ്വഹിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ